പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 247 09.06.2014 ൽ മറുപടിക്ക്

## പോലീസ് സേനയ്ക്ക് ഇൻഷുറൻസ്

| ചോദ്യം<br>ശ്രീ.എ.എ.അസീസ് | മറുപടി<br><br>രമേശ് ചെന്നിത്തല<br><br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| --- | --- |
| എ) സംസ്ഥാനത്തെ പോലീസ് സേനാ-വിഭാഗങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി ) യും : ഉണ്ട്. ഇതു സംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പിൽ വരുന്നതാണ്. |
| ബി) ഉണ്ടെങ്കിൽ എന്നു മുതലാണ് നടപ്പിലാക്കുന്നത്; | |
| സി) സേനാവിഭാഗങ്ങളുടെ കുടുംബാംഗങ്ങളെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) പ്രീമിയം അടയ്ക്കേണ്ടത് ആർക്കൊക്കെയാണെന്നും ഇൻഷുറൻസിന്റെ എന്തൊക്കെ ഗുണങ്ങൾ ആണ് സേനാ വിഭാഗങ്ങൾക്ക് ലഭിക്കുക എന്നും വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തെ പോലീസ് വകുപ്പ്, ജയിൽ വകുപ്പ്, ഫയർ & റെസ്ക്യൂ വകുപ്പ് എന്നിവയിലെ സേനാംഗങ്ങളെ ഉൾപ്പെടുത്തിയാണ് കേരള പോലീസ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. ജീവനക്കാരുടെ ഇൻഷുറൻസ് പ്രീമിയം സർക്കാരാണ് അടയ്ക്കുന്നത്. ഇൻഷുറൻസ് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർണ്ണമായതിനു ശേഷമേ ആയതിന്റെ ഗുണങ്ങൾ സംബന്ധിച്ച് വ്യക്തത വരികയുള്ളൂ. |

സെക്ഷൻ ഓഫീസർ